വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി

25 (5696) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്.സി. റാങ്കു ലിസ്റ്റുകൾ നിലവിലുള്ള സ്ഥലങ്ങളിൽ വേക്കൻസികൾ കൃത്യമായി റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) വേക്കൻസികൾ യഥാസമയം റിപ്പോർട്ടു ചെയ്യാത്ത ഉദ്യോഗ സ്ഥർക്കെതിരെ നടപിട എടുക്കുമോ ?

ഉത്തരം

(എ) നിലവിലുള്ളതും 31-3-2011 വരെ പ്രതീക്ഷിക്കുന്നതുമായ എല്ലാ വേക്കൻസികളും പി.എസ്.സി.ക്ക് 31-7-2010-ന് മുൻപ് റിപ്പോർട്ട് ചെയ്ത വിവരം സർക്കാരിനെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബോധപൂർവ്വം വേക്കൻസികൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

26 (5697) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനം പി.എസ്.സി.യ്ക്ക് വിട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2009-ൽ ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. മുഖേന നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം-1) *

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടുന്ന ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly